ഉത്തരം

(എ—സി) പി.എസ്.സി.-യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

കേരള ലോകായുക്തയിലെ തസ്തികകൾ

114 [119] പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള ലോകായുക്തയിൽ ആകെ എത്ര തസ്തികകൾക്കാണ് സർക്കാർ അനുവാദം നൽകിയിട്ടുള്ളത്; അവ ഏതെല്ലാം?

ഉത്തരം

കേരള ലോകായുക്തയിൽ ആകെ 79 (എഴുപത്തി ഒമ്പത്) തസ്തികകൾക്കാണ് സർക്കാർ അനുവാദം നൽകിയിട്ടുള്ളത്. അവ താഴെ വിശദമാക്കുന്നു.

1.	രജിസ്ട്രാർ	(1)	
2.	അഡീഷണൽ രജിസ്ട്രാർ	(1)	
3.	ഡെപ്യൂട്ടി രജിസ്ട്രാർ	(1)	
4.	പ്രൈവറ്റ് സെക്രട്ടറി ലോകായുക്ത	(1)	
5.	പേഴ്സണൽ അസിസ്റ്റന്റ് ഉപ ലോകായുക്ത	(2)	ജി.ഒ.(എം.എസ്.) നം. 27/99/ വിജി. തീയതി 5-3-1999
6.	സെക്ഷൻ ഓഫീസർ	(1)	
7.	കോർട്ട് ഓഫീസർ	(3)	ജി.ഒ.(എം.എസ്.) നം. 34/99/ വിജി. തീയതി 30-3-1999
8.	സെക്യൂരിറ്റി ഓഫീസർ	(1)	
9.	അസിസ്റ്റന്റ്	(4)	
10.	സ്റ്റെനോഗ്രാഫർ	(2)	
11.	ടൈപ്പിസ്റ്റ്	(2)	
12.	ഡ്രൈവർ	(4)	
13.	അറ്റൻഡർ	(4)	
14.	പ്യൂൺ	(2)	

LIBRARY ARCHIVES Kerala Legislative Assembly

15.	പേഴ്സണൽ അസിസ്റ്റന്റ് ലോകായുക്ത	(1)	ജി.ഒ.(എം.എസ്.) നം. 37/99/ വിജി. തീയതി 8-4-1999
16.	സ്റ്റെനോഗ്രാഫർ (ലോകായുക്ത, ഉപ ലോകായുക്ത)	(3)	
17.	പ്രൈവറ്റ് സെക്രട്ടറി (ഉപ ലോകായുക്ത)	(2)	
18.	പ്യൂൺ (ലോകായുക്ത, ഉപ ലോകായുക്ത)	(6)	
19.	ഡയറക്ടർ	(1)	ജി.ഒ.(എം.എസ്.) നം. 62/99/ വിജി. തീയതി 2-7-1999
20.	പോലീസ് സൂപ്രണ്ട്	(1)	
21.	ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്	(2)	
22.	സർക്കിൾ ഇൻസ്പെക്ടർ	(3)	
23.	സബ് ഇൻസ്പെക്ടർ	(3)	
24.	ഹെഡ് കോൺസ്റ്റബിൾ	(3)	
25.	സീനിയർ അക്കൗണ്ടന്റ്	(1)	ജി.ഒ.(എം.എസ്.) നം. 79/99/ വിജി. തീയതി 6-9-1999
26.	പ്യൂൺ	(3)	
27.	പാർട്ട് ടൈം സ്വീപ്പർ	(2)	
28.	ഡ്യൂപ്ലിക്കേറ്റർ ഓപ്പറേറ്റർ	(1)	
29.	നൈറ്റ് വാച്ച്മാൻ	(1)	
30.	അസിസ്റ്റന്റ് ഗ്രേഡ്-2	(2)	ജി.ഒ.(എം.എസ്.) നം. 12/2000/ വിജി. തീയതി 27-1-2000
31.	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2	(3)	
32.	ഡ്രൈവർ ഗ്രേഡ്-2	(3)	
33.	പ്യൂൺ ഗ്രേഡ്-2	(1)	

LIBRARY ARCHIVES Kerala Legislative Assembly

34.	ഡ്രൈവർ ഗ്രേഡ്-2	(2)	ജി.ഒ.(ആർ.ടി.) നം. 22/2000/ വിജി. തീയതി 5-2-2000
35.	ഡ്രൈവർ ഗ്രേഡ്-2	(1)	ജി.ഒ.(എം.എസ്.) നം. 67/2000/ വിജി. തീയതി 27-6-2000
36.	പാർട്ട് ടൈം സ്വീപ്പർ	(5)	ജി.ഒ.(എം.എസ്.) നം. 101/2000/ വിജി. തീയതി 7-11-2000

ആകെ 79 എണ്ണം.

മാലിന്യ നിക്ഷേപകേന്ദ്രം മാറ്റി സ്ഥാപിക്കൽ

115 [120] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുവണ്ണൂർ-നല്ലളം പഞ്ചായത്തിലെ മാലിന്യ നിക്ഷേപ കേന്ദ്രം മാറ്റി സ്ഥാപിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് നടപടിയാണ് ഈ കാര്യത്തിൽ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ജനവാസം കുറഞ്ഞ പ്രദേശം കണ്ടെത്തി മാലിന്യ നിക്ഷേപത്തിനും സംസ്കരണ പ്ലാന്റ് സ്ഥാപിക്കാനുമായി നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം പരിഗണിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ നിർദ്ദേശം അംഗീകരിച്ച് സ്ഥലം കണ്ടെത്താനും മേൽ നടപടികൾ സ്വീകരിക്കാനും നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ—സി) കോഴിക്കോട് കോർപ്പറേഷന്റെ മാലിന്യ സംസ്കരണ പ്ലാന്റിൽ നിന്ന് പുറത്തേക്ക് ഒഴുകുന്ന മലിനജലം ചെറുവണ്ണൂർ-നല്ലളം ഗ്രാമ പഞ്ചായത്തിലെ 2, 4, 5, 6, 18 വാർഡുകളിലൂടെ ഒഴുകി ചെറുപുഴയിൽ എത്തുകയും ആയത് പുഴവെള്ളം മലിനമാക്കുകയും ചെയ്യുന്നതായ ഗ്രാമ പഞ്ചായത്തിലെ ജനങ്ങളുടെ പരാതി സർക്കാരിൽ ലഭിച്ചതനുസരിച്ച് ആയത് വിശദമായി പരിശോധിക്കുകയും ഉണ്ടായി. അതോടൊപ്പം ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി, പൊല്യൂഷൻ കൺട്രോൾ ബോർഡ് പ്രതിനിധി, കോഴിക്കോട് ജില്ലാ മെഡിക്കൽ ആഫീസർ എന്നിവരെ നേരിൽ കേൾക്കുകയും വിശദമായി ഈ വിഷയം ചർച്ച ചെയ്യുകയും ഉണ്ടായി. ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിൽ ആണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly